"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/271/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-07-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന് തുക നൽകുമ്പോൾ അക്കൗണ്ടിലെ പിശക് മൂലം സർക്കാർ ഹെഡിലേയ്ക്ക് മടങ്ങുന്നത് - അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് അർഹതപ്പെട്ട വിഹിതം ഗുണഭോക്താവിന് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. 31.07.2023ലെ ഡിഎ1/264/2023-തസ്വഭവ നമ്പർ സർക്കുലർ
2. 18.02.2025ലെ ഡിഎ1/53/2025-തസ്വഭവ നമ്പർ സർക്കുലർ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 3.2

**********************

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/സ്ഥാപനത്തിന് അർഹതപ്പെട്ട തുക ട്രഷറി വഴി നൽകുമ്പോൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കം വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക അപൂർവ്വ അവസരങ്ങളിൽ ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകുന്ന സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സൂചന 2 പ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പാലിക്കേണ്ടതാണ് എന്നും, ബില്ല് മാറി ഗുണഭോക്താവിന് തുക ലഭിക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഗുണഭോക്താവ്/ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ ഏതെങ്കിലും കാരണവശാൽ ഗുണഭോക്താവിന്റെ /സ്ഥാപനത്തിന്റെ

അക്കൗണ്ടിൽ വരാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് തുക വരവ് വച്ചാൽ ഇതിനു പകരമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട വിഹിതം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പ്രത്യേക സാഹചര്യമില്ലെങ്കിൽ ഇവ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല. ഇത്തരം കേസുകളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തീരുമാനമെടുക്കുമ്പോൾ സൂചന 2 സർക്കുലറിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 25-07-2025 10:53:50

സെക്ഷൻ ഓഫീസർ.